# SONG OF SONG - CHAPTER (2)

## (ഉത്തമഗീതം-അദ്ധ്യായം (2))

കർമ്മേൽ പർവ്വതത്തിന്റെ തെക്കായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് ശാരോൻ. ഇത് സമൃദ്ധിയുടെയും മനോഹാരിതയുടെയും സ്ഥാനമായിരുന്നു. ഇവിടം കന്നുകാലികളുടെ മേച്ചിൽപ്പുറം കൂടെയാണ്.ശാരോന്റെ ശോഭയെപ്പറ്റി യെശയ്യാപ്രവാചകൻ പറയുന്നത് യെശ:(35:2) ൽ കാണുന്നു.പനിനീർ പുഷ്പം എന്ന വാക്ക് മൂലഭാഷയിൽ ഒരു വനപുഷ്പത്തെ കാണിക്കുന്നു.താഴ്‌വരയിലെ താമര (Lilly) പരിശുദ്ധതയ്ക്ക് നിദർശനമാണ്.താമരപ്പൂവ് ആർക്കും ദോഷം ചെയ്യുന്നില്ല. എന്നാൽ കൊട്ടാര ഉദ്യാനത്തിലല്ല ചതുപ്പുനിലത്തും ചെളിയിലു മാണ് ഇത് വളരുന്നത്.. ഇതുപോലെയാണ് താനെന്ന് ശൂലേമി സമ്മതിക്കുന്നു. ഇതുപോലെ ക്രിസ്തുവിലായിത്തീർന്ന ഒരു ഭക്തനു പറയാനുള്ളത്. "പാപി യായ ഞാൻ കാൽവറിയിലെ മരക്കുരിശിന്റെ ചുവട്ടിലാണ് .എനിക്ക് ഒരു രക്ഷക നുണ്ട്"

ലൗകീകന്മാരും കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കളുമാണ് മുള്ളു കൾ. സഭയാം മണവാട്ടി എല്ലാക്കാലത്തും മുള്ളുകളുടെ (ജഢീകന്മാർ) ഇടയിലെ വേദനപ്പിക്കുന്ന അനുഭവത്തിൽ കൂടെയാണ് കടന്നുവന്നിട്ടുളളത്. അവളെ മുറി വേല്പിക്കമ്പോഴും സഭമുള്ളായിമാറാതെ താമരയായി നില്ക്കുന്നു. വായിക്കുക : Read യെഹ(2:6)യേശു താമരയും താമരപ്പൂവുമെങ്കിൽ മക്കളായ

നാമുംഅതുതന്നെയാണ്. താമരവെളളത്തിൽ വേരുന്നിനില്ക്കുന്നത് സ്നാനോ

പദേശത്തെ കാണിക്കുന്നു .കരത്താമരയുണ്ടെന്ന് പറയുന്ന വിമർശകരുമുണ്ട്. ശരിതന്നെ പക്ഷെ രണ്ടിനും രണ്ടനുഭവമാണ്. ഭൂമിയുടെ ചൂട് താങ്ങാൻ വയ്യാതെ അതു പാരമ്പര്യതടത്തിൽകെട്ടുപോകും
എന്നാൽ വെളളത്തിൽ വളരുന്ന താമര നീതിസൂര്യന്റെ ശോഭയെ ദർശിച്ച് ഏതുകഠിനചൂടിലും വാട്ടം ഏല്ക്കാതെ നില്ക്കുന്നു. (2:3-7) Read
ഈ വാക്യങ്ങളിൽ അദ്യശ്യനായ തന്റെ പ്രീയന്റെ സമീപ്യത്തിൽ ശുലേമിയുടെ അഞ്ച് പ്രധാന സന്തോഷങ്ങൾ കാണാം-

### അതിമോദത്തോടെ ഇരുന്ന നിഴൽ

ഈ ലോകം ഒരുകാടാണ് . ഈ കാട്ടിൽ തങ്ങളുടെ കഴിവും തടിമിടുക്കും, സൗന്ദര്യവും പണവും കാണിച്ച് അവയുടെ തണലിലേക്ക് ക്ഷണിക്കുന്ന കാട്ടുമൃഗങ്ങളുണ്ട്.ചില മരങ്ങൾ പുഷ്പങ്ങൾ കാണിച്ചാകർഷിക്കുന്നു. പക്ഷേ ഇവ യെല്ലാം താൽക്കാലികങ്ങൾ മാത്രമാണ് .അതാ ഒരു നാരകം (ആപ്പിൾ മരം) മു ള്ളുണ്ട്. അത് എന്റെ പ്രീയനാണ്. ഈലോകം നൽകിയ കഷ്ടതയുടെ മുളള് അവൻ തകർത്ത് ലോകത്തെ ജയിച്ചു.

പ്രീയന്റെ മറവിലും നിഴലിലുമിരുന്നാൽ  ഉല്ലാസപ്രദമായ ഒരു അവസ്ഥയും ആത്മീകപരിപോഷണം നൽകുന്ന ഭക്ഷണവും ലഭിക്കുന്നു. ചൂരച്ചെടിയുടെ തണൽ ഏലിയാവിന് നിരാശയുടെ സ്ഥാനവും ആവണക്കിന്റെ തണൽയോനയ്ക്ക് നിരീക്ഷണത്തിന്റെ സ്ഥാനവുമായിരുന്നു. പ്രിയന്റെ നിഴൽ ശൂലേമിയക്ക് ശ്രേഷ്ഠമായ സ്ഥലം തന്നെ ആയിരിന്നു.    നമുക്കോ?

## 2) മീതെപിടിച്ച സ്നേഹക്കൊടി

ദൈവ സ്നേഹത്തിന്റെ കൊടിക്കീഴിൽ അവളെ പ്രിയൻ വീഞ്ഞുവീട്ടിലേക്കാണ് കൊണ്ടുവന്നത് തന്നെ ഈ വീട്ടിലെത്തിക്കുവാൻ പ്രീയൻ നഗരത്തിന് പുറത്തു വെച്ച് ധാരാളം ത്യാഗം സഹിച്ചത് അവന്റെ രൂപം ദർശിച്ച ശൂലേമിക്ക് മനസ്സിലായി .അവന്റെ മുഖം വിരൂപമായി. കണ്ടാലവനെ തിരിച്ചറിയുകയില്ല. ക്ഷീണിതനുമാണ് . എല്ലാം (സഭയാം മണവാട്ടി) ശുലേമിയെ വിഞ്ഞു വീട്ടിൽ എത്തിക്കുന്നതിനായിരുന്നു.ഈ വീഞ്ഞു വീട്ടിൽ ലോകകോലാഹലങ്ങളില്ല. നിർജ്ജീവാരധനയുമില്ല. പരിശുദ്ധാത്മാവാകുന്ന പുതുവീഞ്ഞ് ദിവസവും ലഭിക്കുന്നു. പുതുഭാഷകൾ കേൾക്കുകയും ആത്മാവിൽ സംസാരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മ സാന്നിദ്ധ്യം നമ്മുടെ രോഗം മാറ്റും, ക്ഷീണവും മാറ്റുന്നു. ആകാശമേഘങ്ങളിൽ കാന്തനോടൊപ്പം നില്ക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

## (3)സ്നേഹത്തിന്റെ പാരമ്യം

വീഞ്ഞുവീട്ടിലെത്തുന്നവർ കാൽവറിയിലെ മഹത്ത്യാഗത്തെപ്പറ്റി ബോധമുളളവരാകുന്നു.ഇവിടുത്തെ മുന്തിരിഅട,മുന്തിരിരസം യേശുവിന്റെ ശരീര രക്തങ്ങളെ കാണിക്കുന്നു. നാരങ്ങായാൽ തണുപ്പ് ലഭിക്കുന്നു. അതുപോലെ ദൈവീക ആശ്വാസം നമ്മുടെ പ്രാണനെ തണുപ്പിക്കുന്നു. Read. സങ്കീ(94:19)

## (4) കരസ്പർശം തന്ന ശക്തി

വീഞ്ഞുവീട്ടിലെത്തിയ ശൂലേമി കാന്തന്റെ കരസ്പർശം ആഗ്രഹിക്കുന്നു. ആണിപ്പാടുളള ഇടം കയ്യിൽ തലവച്ച് വലം കൈയ്യുടെ തലോടൽ ലഭിക്കുന്നത് ഏറ്റവും ആനന്ദം നൽകുന്ന അവസ്ഥയാണ്. നീതിയുളള വലങ്കരത്താൽ നമ്മെ താങ്ങുന്നവനിൽനിന്ന് തട്ടിപ്പറിക്കുവാൻ ആർക്കും കഴിയുകയില്ല.കാന്തക്ഷീണിക്കുമ്പോൾ ഭുജത്തിലെടുത്ത് മാർവ്വിടത്തിൽ ചേർക്കുകയും പതുക്കെ നടത്തുകയും ചെയ്യുന്നത് സഭയുടെ കാന്തനായ ഇമ്മാനുവേൽ ആണ്.

## (5) ആത്മസന്തോഷ ലഭ്യത

ഇപ്രകാരം ആ സ്നേഹലാളനത്തിലിരിക്കുമ്പോൾ ശ്രദ്ധമാറ്റരുതെന്ന് യെറുശലേം പുത്രിമാരോട് പറയുന്നു. ആത്മസന്തോഷത്തിന്റെ നിർവൃതിയിലിരിക്കുന്നവരെ ഉപദ്രവിക്കുന്നത് സാത്താനാണ്. ധൈര്യമായി സാത്താനോട് പോരാടുക.(ഉദാ:) കർത്താവിന്റെ വചനം കേട്ടിരുന്നവരെ പറഞ്ഞുവിടുവാൻ

തത്രപ്പെടുന്ന ശിഷ്യന്മാർ -മാർക്കോ (6:35-36) ഉദാ(2): പാപിനിയായ സ്ത്രീ വിലയേറിയ സ്വച്ഛജടമാംസി തൈലം യേശുവിന്റെ തലയിൽ ഒഴിച്ചതിന് നീരസ പ്പെട്ടവർ -മാർക്കോ (14:3-5)

## ഉത്തമഗീതം(2:8-14) പ്രിയന്റെ സ്വരവും വരവും

ശാലോമോൻ രാജാവിന്റെ വിരുന്നു ശാലയിലും അതിനോടു ചേർന്ന വീഞ്ഞുവീട്ടിലെ ഒരുക്കങ്ങളിലും അതിലെല്ലാമുപരി സ്നേഹക്കൊടിയുടെ നിഴലി ലിരുത്തിയപ്പോഴും ശൂലേമിയുടെ ചെവി പ്രിയന്റെ ശബ്ദത്തിനായും, കണ്ണ് പ്രി യനെകാണുവാനും കൊതിച്ച് ആ ചിന്തയിലായിരുന്നു. യെറുശലേം പുത്രിമാ രുടെ വാക്കുകൾക്ക് ആ ചിന്തകളെമാറ്റി മറിക്കുവാനും കഴിഞ്ഞില്ല. അപ്പോൾ അതാകേൾക്കുന്നു പ്രിയന്റെ സ്വരം. തന്റെ ചിന്തകളെ വ്യതിചലിപ്പിച്ചവരുടെ ശബ്ദം നിന്നു (2:8,9) വാക്യങ്ങളിലെ വർണ്ണന പ്രീയന്റെ വരവിനെ പറ്റിയാണ്. പ്രീയന്റെ ശബ്ദം ആശ്വസവും ധൈര്യവും തരുന്ന ശബ്ദമാണ് .അതേ! എന്റെ ആടുകൾ എന്റെ ശബ്ദം തിരിച്ചറിയുമെന്ന് കർത്താവ് പറയുന്നു.എത്ര അകന്നു പോയാലും നമ്മെ തേടി എത്തുന്ന നല്ല ഇടയൻ. ആ അകൽച്ച മൂലം പ്രിയന്റെ ശബ്ദം നിങ്ങൾക്ക് നഷ്ടമാകരുത്. പ്രിയന്റെ ശബദത്തിൽ നിന്നകന്നാൽ ജിവനി ല്ലാത്ത ആരാധനയായിപ്പോകും നമ്മുടെത് . ലവദോക്യ സഭക്കാരെപ്പോലെ യേശു വാതിൽക്കൽ നിന്ന് മുട്ടേണ്ട അവസ്ഥ വരുത്തരുത്

അന്യാരാധനയുടെയും, വിഗ്രഹാരാധനകളുടെയും കേന്ദ്രമാണ് മലകളും കുന്നുകളും. വിശേഷദിവസങ്ങളിൽ ജനം മലമുകളിലേക്ക് അനുഗ്രഹത്തിനായി പോകുന്നത് നാം കാണുന്നതാണ്. ശൂലേമിയുടെ പ്രീയൻ മലകളെയും കുന്നുക ളെയും താണ്ടി അവളുടെ അടുക്കലെത്തുന്നതു പോലെ സകല മലകളെയും കുന്നകളെയും സകല തടസ്സങ്ങളേയും നീക്കി സഭയുടെ നാഥൻ തന്റെ മണവാട്ടി യുടെ അടുക്കലെത്തും. ശൂലേമിയുടെ പ്രീയൻ അടുത്തു വരാതെ വാതിലട യ്ക്കുവാൻ ശ്രമിക്കുന്നവർക്ക് തെറ്റി. ബലമായി അടച്ചാലും തന്റെ പ്രിയയുടെ മേൽ ആ കണ്ണുകളെത്തും പ്രിയന്റെ സംസാരം പ്രിയ കേൾക്കുകയും ചെയ്യും.പ്രിയൻ ശുലേമിയോട് പറഞ്ഞ അതിപ്രധാനകാര്യങ്ങളാണ് ഉത്ത:(2:10-14) വരെയുള്ള വാക്യങ്ങളിൽകാണുന്നത് . “എഴുന്നേല്ക്കുക” ‘വരിക’ എന്ന ഗൗര വമേറിയ പ്രീയന്റെ ക്ഷണം സ്വീകരിച്ച് അവനെ അനുധാവനം ചെയ്യുക എന്നത് പ്രീയയുടെ കർത്തവ്യമാണ് .സഭയാം മണവാട്ടിയെ (പ്രീയയെ) ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ വീണ്ടെടുത്തതാണ് അതിനാൽ യജമാനന്റെ ശബ്ദം കേട്ട് എഴുന്നേല്ക്കണം,പുറപ്പെടാൻ തയ്യാറാകണം

കാലങ്ങൾ മാറിവരുമ്പോൾ യാത്ര ദുർഘടമല്ലാത്ത കാലമാണ് വസന്തകാലം ഇതാണ്. സകലരുടെയും യാത്രാസമയം ആകയാൽ പുറത്തുവരിക എന്ന പ്രീയന്റെ സ്വരം പല കാരണങ്ങളാൽ പ്രീയയെ തടഞ്ഞുവച്ചിരിക്കുന്ന പലരേയും അസ്വസ്ഥരാക്കുന്നു. മുൻ മഴയാകുന്ന പരിശുദ്ധാത്മാവിൽ പെന്തക്കോസ്തു നാളിൽ സഭയെ സ്ഥാപിച്ച ദൈവപുത്രൻ ഉണർവ്വിന്റെ പിൻ മഴ അയച്ചു.

അങ്ങനെ താൻ വിതച്ച വിത്തുകളെ കൊയ്യുവാൻ പാകമാക്കി.കുറുപ്രാവ് കുറുകുന്നത് ഇണയുടെ വരവ് വേഗം ഉണ്ട് എന്നറിയിക്കുവാനാണ്. പാറയുടെ പിളർപ്പിലും കടുംത്തൂക്കത്തിന്റെ മറവിലും ഇരിക്കുന്ന ദൈവപൈതൽ ഇതുപോലെ അവന്റെ വരവിനായി കാത്തിരിക്കണം. പ്രീയൻ ആഗ്രഹിക്കുന്ന രണ്ട് കാര്യങ്ങളാണ് ദൈവീകശോഭയുള്ള മുഖവും,ഇമ്പമുള്ള ശബ്ദവും.

**ഉത്ത:(2:15-17)**

സുസജ്ജമായ വിരുന്നുശാലയോ,ശാലോമോൻ രാജാവിന്റെ രാജകീയപ്രൗഢിയോ, വശ്യതയാർന്ന വാക്കുകളോ, യെറുശലേം പുത്രിമാരുടെ, ഇവയ്ക്ക് എല്ലാം പ്രോത്സാഹനം നൽകുന്ന പ്രവർത്തികളോ,പ്രീയനെക്കുറിച്ചുള്ള ചിന്തയിൽ നിന്ന് അവളെ അകറ്റുവാനോ പ്രിയന്റെ സാമീപ്യം ആഗ്രഹിക്കുന്നതിൽ നിന്ന് തടയാനോ മതിയായില്ല. തോട്ടത്തിൽ കയറി

നാശം ഉണ്ടാക്കുന്ന ചില ചെറുകുറക്കന്മാരെപ്പോലെയാണ് ഇവരും, ഇവരെ

പ്പോലെ ഇവളെ അവിടെ തളച്ചിടാൻ ശ്രമിക്കുന്നവരും. ആത്മീയജിവിതത്തിൽ നാം ഉയരാതെ നമ്മുടെ ചിന്തകളെ വിലക്കുന്ന ദുരുപദേശക്കാർ,നമ്മിൽ തന്നെയുള്ള ചില സ്വഭാവദൂഷ്യങ്ങൾ ഇവ എല്ലാം ചെറുകുറുക്കന്മാരണ്. ഇവരെ പിടിച്ച് നശിപ്പിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്ത്വമാണ് (eg: ദശാംശം കൊടുക്കേണ്ട,ആരാധനവേണ്ട, പ്രാർത്ഥിക്കേണ്ട,നന്ദിപറയുവാൻ താമസിപ്പിക്കുക ഈ ചിന്തകൾ നമ്മിലുള്ള ചെറുകുറുക്കന്മാരാണ്)

സുപ്രഭാതത്തെ പ്രതീക്ഷിക്കുന്നവരായ നാം ആ ഉദയനക്ഷത്രം വേഗം വരേണമേ എന്നാഗ്രഹിക്കാം.ചെറുമാനിനെപ്പോലയോ കലമാൻകുട്ടിയെപ്പോലെയോ ചാടിവരുമ്പോൾ മലനിരകൾ തടസ്സമാകല്ലേ എന്ന ശുലേമിയുടെ പ്രാർത്ഥന പോലെ

നമുക്കും പ്രാർത്ഥിയ്ക്കാം ആത്മാർത്ഥമായി “യേശുവേ വേഗം വരേണമേ”

എന്ന് സഭയാം മണവാട്ടിയേ പ്രീയനെ സ്വീകരിപ്പാൻ ഒരുങ്ങി എഴുന്നേല്ക്കുക..

**ശാന്തമ്മ വർഗ്ഗീസ്**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg